# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1836 16.06.2014-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിക്കെതിരായ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കണ്ണൂരിൽ വെച്ച് മുഖ്യമന്ത്രിക്ക് കല്ലേറിൽ പരിക്കുപറ്റിയതായി പറയുന്ന സംഭവത്തിൽ, അക്രമം ഉണ്ടാവാൻ സാധ്യതയുണ്ടെന്ന് സംസ്ഥാന ഇന്റലിജൻസിന്റെയോ സ്പെഷ്യൽ ബ്രാഞ്ചിന്റെയൊ റിപ്പോർട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ; | (എ) ഇടതുപക്ഷ ജനാധിപത്യ മുന്നണി ബഹു. മുഖ്യമന്ത്രിക്കെതിരായി നടത്തിവന്നിരുന്ന പ്രതിഷേധ സമരപരിപാടികളുടെ പശ്ചാത്തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ 27.10.2013-ലെ കണ്ണൂർ സന്ദർശന വേളയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കേണ്ടതാണെന്നും ഇന്റലിജൻസ് ജില്ലാ പോലീസിനു മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നില്ല. |
| ബി) അക്രമവുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് ; എന്തൊക്കെ വകുപ്പനുസരിച്ച് ആർക്കൊക്കെ എതിരായി കേസെടുത്തു ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) അക്രമവുമായി ബന്ധപ്പെട്ട് 13 പേർക്കെതിരെയും മറ്റ് കണ്ടാലറിയാവുന്ന 1000 പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1637/13 U/s 120(b), 143, 145, 147, 148, 283, 341, 353, 332, 324, 307 r/w 149 IPC & Sec. 3 (1) of PDPP Act പ്രകാരം കേസെടുത്ത് അന്വേഷണം പൂർത്തിയാക്കി 114 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. തിരിച്ചറിഞ്ഞ പ്രതികളുടെ വിവരം അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. |
| സി) ഇതു സംബന്ധിച്ച് എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) ഉണ്ട്. എഫ്.ഐ.ആറിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| ഡി) സംഭവം നടക്കുന്നതിന്റെ ഒന്നര മണിക്കൂർ മുൻപ് ഡി.വൈ.എഫ്.ഐ. നേതാക്കൾ മുഖ്യമന്ത്രിയെ വധിക്കാൻ ഗൂഢാലോചന നടത്തുന്നത് താൻ കേട്ടതായി അന്നത്തെ ടൗൺ എസ്.ഐ. സനൽ കുമാറിന്റെ മൊഴി എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ; | (ഡി) മുഖ്യമന്ത്രിയെ വധിക്കാൻ ഗൂഢാലോചന നടത്തിയെന്ന് അന്നത്തെ ടൗൺ എസ്.ഐ. സനിൽ കുമാറിന്റെ മൊഴി എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ " നേതാക്കന്മാരും പ്രവർത്തകരും മുഖ്യമന്ത്രിയെ വധിക്കണമെന്ന ഉദ്ദേശത്തോടും, കരുതലോടും കൂടി ഗൂഢാലോചന നടത്തിയാണ് മുഖ്യമന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | വാഹനം വരുന്ന സമയം ഇത്തരത്തിൽ ആക്രമിച്ചത് " എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | അക്രമം തടയാൻ നടപടി സ്വീകരിക്കാതെ ഗുരുതരമായ കൃത്യവിലോപം നടത്തിയ എസ്.ഐ. ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ടൗൺ എസ്.ഐ. കള്ളമൊഴി നൽകിയതാണോ എന്ന കാര്യ പരിശോധിച്ചിട്ടുണ്ടോ ; | (ഇ) | അക്രമം തടയാൻ എസ്.ഐ. നടപടി സ്വീകരിച്ചിട്ടുണ്ട് എസ്.ഐ. കള്ളമൊഴി നൽകിയിട്ടില്ല. എസ്.ഐ. യുടെ മൊഴിയ്ക്ക് അനുസൃതമായി മറ്റ് സാക്ഷികളും മൊഴി നൽകിയിട്ടുള്ളതാണ്. |
| എഫ്) | ടിയാൻ ഇക്കാര്യം ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചിരുന്നോ ; ഉണ്ടെങ്കിൽ ആരെയാണ് അറിയിച്ചത് ; ഇക്കാര്യം നേരത്തെ അറിഞ്ഞിട്ടും മുഖ്യമന്ത്രിയെ അക്രമം നടന്ന സ്ഥലത്ത് എത്തിച്ചതിന് ഉത്തരവാദി ആരാണ് ; ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (എഫ്) | മുഖ്യമന്ത്രിയെ ആക്രമിക്കുന്നതിന് തൊട്ട് മുമ്പ് സംഭവസ്ഥലത്ത് വെച്ച് പ്രതികൾ നടത്തിയതും എസ്.ഐ. സനിൽ കുമാർ കേട്ടതുമായ സംഭാഷണങ്ങൾ മുഖ്യമന്ത്രിയെ വധിക്കാൻ വേണ്ടിയുള്ള ഗൂഢാലോചന ആയിരുന്നു എന്ന് സംഭവത്തിന് ശേഷമാണ് എസ്.ഐയ്ക്ക് ബോധ്യപ്പെട്ടതെന്ന് എസ്.ഐ. മൊഴി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ആക്രമിക്കപ്പെട്ടശേഷമാണ് നേരത്തെ കേട്ട സംഭാഷണങ്ങൾ ഗൂഢാലോചന ആയിരുന്നുവെന്ന് തനിക്ക് ബോധ്യപ്പെട്ടത് എന്ന വസ്തുത എസ്.ഐ. യുടെ മേലുദ്യോഗസ്ഥരായ കണ്ണൂർ ടൗൺ സി.ഐ., കണ്ണൂർ ഡി.വൈ.എസ്.പി. എന്നിവരെ ടിയാൻ അറിയിച്ചിട്ടുണ്ട്. സംഭവം നേരത്തെ അറിഞ്ഞ്കൊണ്ട് അക്രമം നടന്ന സ്ഥലത്തേയ്ക്ക് മുഖ്യമന്ത്രിയെ ആരും എത്തിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്